കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വാമനപുരം ബ്ലോക്ക് പഞ്ചായത്ത്- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള കിണർ റീ ചാർജ്ജിംഗ് പ്രോജക്ട് അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാനും തുക ഏജൻസിക്ക് നേരിട്ട് നൽകാനും അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.1243/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 02.05.2018

വായന :-
1. വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10.01.2018-ലെ BP2/1010/18/VPM നമ്പർ കത്തും 09.01.2018-ലെ 1 (B)-ാം നമ്പർ ഭരണസമിതി തീരുമാനവും
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.27

## ഉത്തരവ്

കിണർ റീ ചാർജ്ജിംഗിന് ഈ വർഷം പൊതു വിഭാഗത്തിന് 38.40 ലക്ഷം രൂപയും എസ്.സി. എസ്.പി.യിൽ 24.00 ലക്ഷം രൂപയും റ്റി.എസ്.പി.യിൽ 9.00 ലക്ഷം രൂപയും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഈ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാനും തുക ഏജൻസിക്ക് നേരിട്ട് നൽകാനും അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) 05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.27 നമ്പർ തീരുമാനപ്രകാരം തുക അഡ്വാൻസായി നൽകാൻ പാടില്ല എന്ന വ്യവസ്ഥയോടെ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള കിണർ റീ ചാർജ്ജിംഗ് പ്രോജക്ട് അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാനും തുക ഏജൻസിക്ക് നേരിട്ട് നൽകാനും വാമനപുരം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രസിഡണ്ട്/സെക്രട്ടറി, വാമനപുരം ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ്. സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ